# ।। कथासरित्सागरः।।

(പത്താംക്ലാസിലെ अभित्तौ चित्रकर्म എന്ന പാഠഭാഗത്തിലെ കഥയ്ക്ക് ആധാരമായ



കഥാസരിത്സാഗരം ആറാംതരംഗം കഥാപീഠലംബകത്തിലെ

മൂലശ്ലോകങ്ങളും അവയുടെ മലയാളവിവർത്തനവും)

- ഹരിപ്രസാദ്,വി.ടി.കടമ്പൂര്-

hariprasadvt1973@gmail.com

| | |
|---|---|
| अन्योन्यं निजवाणिज्य-<br>कलाकौशलवादिनाम्।<br>क्वचिच्च वणिजां मध्ये<br>वणिकेकोभ्रवीदिदम्।।(१) | അന്യോന്യം നിജവാണിജ്യ-<br>കലാകൗശലമോതവേ<br><br>വണിക്കുകൾക്കിടയിൽനി-<br>ന്നൊരാളീവണ്ണമോതിനാൻ 1 |
| अर्थैः संयमवानर्थान्<br>प्राप्नोति कियदद्भुतम्।<br>मया पुनर्विनैवार्थं<br>लक्ष्मीरासादिता पुरा।।(२) | ആശ്ചര്യമെന്താണർത്ഥത്താൽ<br>വീണ്ടും സമ്പന്നനാവതിൽ?<br><br>ഏറെ സമ്പന്നനായ് പണ്ടേ<br>പണമില്ലാതെ തന്നെ ഞാൻ. 2 |
| गर्भस्थस्य च मे पूर्वं<br>पिता पञ्चत्वमागतः।<br>मन्मातुश्च तदा पापै-<br>र्गोत्रजैः सकलं हृतम्।।(३) | ഗർഭത്തിൽഞാൻകിടക്കുമ്പോ-<br>ളെന്റെയച്ഛൻ മരിച്ചുപോയ്<br><br>അമ്മതൻ സ്വത്തുമുഴുവൻ<br>കവർന്നു തറവാട്ടുകാർ 3 |
| ततः सा तद्भयाद् गत्वा<br>रक्षन्ती गर्भमात्मनः।<br>तस्थौ कुमारदासस्य<br>पितुर्मित्रस्य वेश्मनि।।(४) | സ്വന്തം ഗർഭത്തെ രക്ഷിപ്പാൻ<br>ഭീതിപൂണ്ടമ്മയെത്തിനാൾ<br><br>കുമാരദാസൻ - അച്ഛന്റെ<br>മിത്രം - വാഴുന്നവീട്ടിലായ് 4 |

| | |
|---|---|
| तत्र तस्याशच जातोहं<br>साध्व्या वृत्तिनिबन्धनम्।<br>ततश्चावर्धयत्सा मां<br>कृच्छ्कर्माणि कुर्वती।।(५) | അവൾക്കവിടെ ഞാനുണ്ടായ്,<br>ജീവിക്കാനാ,പതിവ്രത<br><br>ക്ലിഷ്ടകർമ്മങ്ങൾ ചെയ്തെന്നെ<br>സ്നേഹപൂർവ്വം വളർത്തിനാൻ 5 |
| उपाध्यायमथाभ्यर्थ्य<br>तया किंचन्यदीनया।<br>क्रमेण शिक्षितश्चाहं<br>लिपिं गणितमेव च।।(६) | ആചാര്യനെക്കണ്ടു പിന്നീ-<br>ടവൾ യാചിക്കയാലഹോ!<br><br>എഴുതാനും ഗണിക്കാനും<br>മെല്ലെ മെല്ലെ പഠിച്ചു ഞാൻ 6 |
| वणिक्पुत्रोसि तत्पुत्र<br>वाणिज्यं कुरु साम्प्रतम्।<br>विशाखिलाख्यो देशेस्मिन्<br>वणिक्कास्ति महाधनः।।(७) | "മകനേ! നീ വണിക്പുത്രൻ<br>വാണിജ്യം ചെയ്ക നീയിനി<br><br>മഹാധനികൻ, ഈ നാട്ടി-<br>ലുണ്ട് ശ്രേഷ്ഠി വിശാഖിലൻ 7 |
| दरिद्राणां कुलीनानां<br>भाण्डमूल्यं ददाति सः।<br>गच्छ याचस्व तं मूल्य-<br>मिति माताब्रवीच्च माम्।।(८) | കുലീനരാം ദരിദ്രർക്കായ്<br>താൻ മൂലധനമേകുവോൻ<br><br>പോക, യാചിക്ക നീ വിത്ത"-<br>മെന്നെന്നോടമ്മ ചൊൽകയാൽ |
| ततोहमगमं तस्य<br>सकाशं सोपि तत्क्षणम्।<br>इत्यवोचत्क्रुधा कञ्चिद्<br>वणिक्पुत्रं विशाखिलः।।(९) | ഒരുനാൾ പിന്നെ ഞാ,നദ്ദേ-<br>ഹത്തിൻ ഗേഹത്തിലെത്തവേ<br><br>വിശാഖിലൻ കയർക്കുന്നു-<br>ണ്ടേതോ ശ്രേഷ്ഠിയോടീവിധം 9 |
| मूषको दृश्यते योयं<br>गतप्राणोत्र भूतले। | " ഇതാ മണ്ണിൽക്കിടക്കുന്നു<br>ജീവനില്ലാത്ത മൂഷികൻ |

| | |
|---|---|
| एतेनापि हि पण्येन<br>कुशलो धनमार्जयेत्।।(१०) | സമർത്ഥനെങ്കിലിതിനെ<br>വിറ്റു നേടുക നീ ധനം 10 |
| दत्तास्तव पुनः पाप!<br>दीनारा बहवो मया।<br>दूरे तिष्ठतु तद् वृद्धि-<br>स्त्वया तेपि न रक्षिताः।।(११) | ദീനാരങ്ങൾ നിനക്കായി<br>മൂഢ! ഞാനേകിയെത്രയോ<br>രക്ഷിക്കാതെ നശിപ്പിച്ചാ-<br>നതെല്ലാം, മാറി നില്ക്ക നീ" 11 |
| तच्छ्रुत्वा सहसैवाहं<br>तमवोचं विशाखिलम्।<br>गृहीतोयं मया त्वत्तो<br>भाण्डमूलाय मूषकः।।(१२) | ഇതു കേൾക്കേ ക്ഷണത്തിൽ ഞാൻ<br>വിശാഖിലനൊടോതിനാൻ<br>'ഈ ചത്തൊരെലിയേ മൂല-<br>ധനമായ് ഞാനെടുത്തിടാം ' 12 |
| इत्युक्त्वा मूषकं हस्ते<br>गृहीत्वा सम्पुटे च तम्।<br>लिखित्वास्य गतोभूव-<br>महं सोप्यहसद् वणिक्।।(१३) | എന്നോതീട്ടെലിയെക്കൈയ്യി-<br>ലെടു,ത്താ പുസ്തകത്തിലായ്<br>എഴുതീട്ടഥ ഞാൻ പോകെ<br>ഹസിച്ചാനാ,വിശാഖിലൻ 13 |
| चणकाञ्जलियुग्मेन<br>मूल्येन स च मूषकः।<br>मार्जारस्य कृते दत्तः<br>कस्यचिद् वणिजो मया।(१४) | രണ്ടുകൈക്കുമ്പിൾ നിറയെ<br>കടലക്കായി വിറ്റു ഞാൻ<br>തന്റെ പൂച്ചയ്ക്കു നല്കാനായ്<br>മറ്റൊരാൾക്കെലിയെ ക്ഷണാൽ |
| कृत्वा तांश्चणकान् भृष्टान्<br>गृहीत्वा जलकुम्भिकाम्।<br>अतिष्ठं चत्वरे गत्वा<br>छायायां नगराद् बहिः।।(१५) | വറുത്തിട്ടാക്കടലയും<br>ജലകുംഭവുമായി ഞാൻ<br>പട്ടണത്തിൻ പുറത്തുള്ള<br>വഴിവക്കിലിരിക്കയായ് 15 |

| | |
|---|---|
| तत्र श्रान्तागतायाम्भः<br>शीतलं चणकांश्च तान्।<br>काष्ठभारिकसङ्घाय<br>सप्रश्रयमदामहम्।।(१६) | വിറകും പേറിവന്നെത്തും<br>ക്ഷീണിതർക്കായി ഞാൻ മുദാ<br><br>വറുത്തകടലയ്ക്കൊപ്പം<br>നല്കി വെള്ളവുമാദരാൽ 16 |
| एकैकः काष्ठिकः प्रीत्या<br>काष्ठे द्वे द्वे ददौ मम।<br>विक्रीतवानहं तानि<br>नीत्वा काष्ठानि चापणे।।(१७) | ഈരണ്ടുവിറകിൻ കഷ്ണം<br>ഓരോരുത്തരുമേകിനാൻ-<br><br>വിലയായ്, ഞാനതൊക്കെത്താൻ<br>കടയിൽക്കൊണ്ടു വിറ്റിടും 17 |
| ततः स्तोकेन मूल्येन<br>क्रीत्वा तांश्चणकांस्ततः।<br>तथैव काष्ठिकेभ्योह-<br>मन्येद्युः काष्ठमाहरम्।।(१८) | ആ ധനത്താൽ കടല ഞാൻ<br>വീണ്ടും വാങ്ങിച്ചു വിറ്റിടും<br><br>പിറ്റേന്നും വിറകിൻകഷ്ണം<br>വിലയായിട്ടു വാങ്ങിടും 18 |
| एवं प्रतिदिनं कृत्वा<br>प्राप्य मूल्यं क्रमान्मया।<br>काष्ठिकेभ्योखिलं दारु<br>क्रीतं तेभ्यो दिनत्रयम्।।(१९) | ഇപ്രകാരം ദിനന്തോറും<br>ചെയ്തു് നേടിയ കാശിനാൽ<br><br>മൂന്നുനാൾ ഞാൻ വാങ്ങിവെച്ചു<br>മുഴുവൻ വിറകും ക്രമാൽ 19 |
| अकस्मादथ सञ्जात<br>काष्ठच्छेदेतिवृष्टिभिः।<br>मया तद्दारु विक्रीतं<br>पणानां बहुभिः शतैः।।(२०) | അക്കാലത്തു പ്രതീക്ഷിക്കാ-<br>തുണ്ടായോരതിവൃഷ്ടിയിൽ<br><br>ഏറെക്കാശിനു വിറ്റേൻ ഞാൻ<br>വാങ്ങിച്ച വിറകൊക്കെയും 20 |
| तेनैव विपणिं कृत्वा<br>धनेन निजकौशलात्। | ആ ധനത്താൽ ഞാൻ തുടങ്ങീ<br>വാണിജ്യം പാടവത്തോടേ |

| | |
|---|---|
| कुर्वन् वणिज्यां क्रमश:<br>सम्पन्नोस्मि महाधन: ।।(२१) | വാണിജ്യത്താൽ ക്രമത്തിൽ ഞാൻ<br>മഹാസമ്പന്നനായിനേൻ 21 |
| सौवर्णो मूषक: कृत्वा<br>मया तस्मै समर्पित:।<br>विखिलाय सोपि स्वां<br>कन्यां मह्यमदात्तदा।।(२२) | സ്വർണ്ണംകൊണ്ടെലിയെത്തീർത്തു<br>ഞാൻ സമർപ്പിച്ചു സാദരം<br><br>വിശാഖിലന്നായ്, അദ്ദേഹം<br>എനിക്കായ് തന്നു പുത്രിയെ 22 |
| अत एव च लोकेस्मिन्<br>प्रसिद्धो मूषकाख्यया।<br>एवं लक्ष्मीरियं प्राप्ता<br>निर्धनेन सता मया ।।(२३)<br>** ** | അന്നുതൊട്ടിഹ ലോകത്തിൽ<br>മൂഷകാഭിധനായി ഞാൻ<br><br>നിർധനൻ ഞാനീവിധത്തിൽ<br>സ്വയം പ്രാപിച്ചു ലക്ഷ്മിയെ 23<br>** ** |

*ദീനാരം -ഒരുതരം സ്വർണ്ണനാണയം दीयते क्षयति येन वा स दीनारः- सुवर्णनाणय इति केचित्। दीङो नुट् च इति उणादि सूत्रेन सिद्धम्।( ഉണാദിപാഠം മൂന്നാം പാദം 140-സൂത്രം നോക്കുക)

<u>പഠനപ്രവർത്തനം</u>

1. മൂലകഥ ആത്മകഥാകഥനരൂപത്തിലാണ്. പാഠപുസ്തകത്തിലാകട്ടെ പുനരാഖ്യാന രൂപത്തിലുമാണ്. ആത്മകഥനത്തിലെ ഉത്തമപുരുഷപ്രയോഗവും പുനരാഖ്യാനത്തിലെ പ്രഥമ പുരുഷപ്രയോഗവും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിച്ചു മനസ്സിലാക്കി പാഠപുസ്തകത്തിലെ കഥ ആത്മകഥനരൂപത്തിൽ മാറ്റിയെഴുതി നോക്കുക. രണ്ടും തമ്മിലുള്ള സാജാത്യ-വൈജാത്യങ്ങൾ എന്തെല്ലാം? എന്തുകൊണ്ട്?

2. "सः दरिद्रेभ्यः स्वजातीयेभ्यः वाणिज्यार्थं मूलधनं ददाति।", "त्वं वणिक्पुत्रः'/ 'त्वं वैश्यपुत्रः' എന്നീ പ്രയോഗങ്ങളുടെ സാധുതയെപ്പറ്റി ചർച്ചചെയ്യുക.

*** *** *** *** ***

HARIPRASAD.V.T. KADAMBOOR
hariprasadvt1973@gmail.com
9446431656